പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2282** 18-03-2015 ൽ മറുപടിക്ക്

## ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡ്

ചോദ്യം

**ശ്രീ.കെ.അജിത്**

ഉത്തരം

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെ 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ വാർഷിക വിറ്റുവരവും ലാഭനഷ്ടക്കണക്കും വ്യക്തമാക്കുമോ;

(എ) ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിൻെറ 2009-10 മുതൽ 2013-14 വരെയുള്ള വാർഷിക വിറ്റുവരവും ലാഭനഷ്ടക്കണക്കും ചുവടെ ചേർക്കുന്നു

രൂപ ലക്ഷത്തിൽ

| | വാർഷിക വിറ്റുവരവ് | ലാഭം/നഷ്ടം |
|---|---|---|
| 2009-10 | 1315.02 | 113.44 |
| 2010-11 | 1867.89 | -189.55 |
| 2011-12 | 2305.52 | -255.28 |
| 2012-13 | 1997.82 | -637.92 |
| 2013-14 | 2221.74 | -330.09 |

(ബി) ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പ്രവർത്തനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തുക നൽകിയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല ഓട്ടോകാസ്റ്റിന് നൽകിയ സർക്കാർ ധനസഹായത്തിൻെറ വിവരം ചുവടെ ചേർക്കുന്നു.

രൂപ ലക്ഷത്തിൽ

| 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|
| 155 | 281 | 689 | 400 |

(സി) ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ ഉപയോഗിക്കുന്ന അസംസ്കൃത വസ്തു ഏതെന്നും ഇതിന്റെ സംഭരണം ഏതു രീതിയിലാണെന്നും വ്യക്തമാക്കുമോ;

(സി) ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ അസംസ്കൃത വസ്തുക്കളായി വിവിധയിനം സ്റ്റീൽ സ്ക്രാപ്പ്, സിലിക്ക മണൽ, പിഗ് അയൺ, ഫെറോ അലോയ്ഡ്, വിവിധയിനം കെമിക്കത്സ് എന്നിവ കാസ്റ്റിംഗ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. ഇതിൻെറ സംഭരണം ഇ-ടെണ്ടർ മുഖാന്തിരമോ മറ്റ് അംഗീകൃത നടപടികൾ പാലിച്ചുകൊണ്ടുള്ള ടെണ്ടർ നടപടിയിലൂടെയോ നടത്തുന്നു.

| | | | |
|---|---|---|---|
| (ഡി) | ഓട്ടോകാസ്റ്റ് ലിമിറ്റഡിലേക്ക് പഴയ ഇരുമ്പ് സാധനങ്ങൾ വാങ്ങി സംഭരിക്കുമ്പോൾ സംസ്കരിച്ചാൽ ടണ്ണിന് ലഭിക്കുന്ന യീൽഡ് സംബന്ധിച്ച് നിബന്ധന വച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | 2009-10 മുതൽ 2013-14 വരെയുള്ള വർഷങ്ങളിൽ സംഭരിച്ച ഇരുമ്പിൽ നിന്നും സംസ്കരിച്ചപ്പോൾ കിട്ടിയ യീൽഡ് എത്ര വീതമെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ? | (ഇ) | സ്ക്രാപ്പിൽ നിന്നും കാസ്റ്റിംഗിന് ലഭിച്ച യീൽഡിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| 83.00% | 85.88% | 84.08% | 81.92% | 86.01% |

Manu
സെക്ഷൻ ഓഫീസർ